(ബി&സി) 14-6-1979-ലെ ആരോഗ്യ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം. 109/79 പ്രകാരം സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വാങ്ങുന്ന സ്വാതന്ത്ര്യസമര സേനാനികൾ ജീവിച്ചിരിക്കുമ്പോൾ അവർക്കും അവരുടെ ആശ്രിതരായ രക്ഷിതാക്കൾ, ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ, അവിവാഹിതരായ പെൺമക്കൾ, എന്നിവർക്കും സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സയ്ക്കോ ടി ചികിത്സയ്ക്ക് ചെലവായ തുക റീം ഇംബേഴ്സ് ചെയ്യുന്നതിനോ വ്യവസ്ഥയുണ്ട്.

എന്നാൽ പെൻഷൻ വാങ്ങിയിരുന്ന സ്വാതന്ത്ര്യസമര സേനാനി മരണമടയുന്ന സാഹചര്യത്തിൽ, ടിയാളുടെ ഭാര്യയ്ക്ക്/ഭർത്താവിന് മാത്രമേ മേൽ ആനുകൂല്യത്തിന് (28-6-2003-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നം. 113/03/ആകു.ക്ഷേ.വ. പ്രകാരം) വ്യവസ്ഥയുള്ളൂ.

(ഡി) സ്വാതന്ത്ര്യസമര സേനാനി സംസ്ഥാന പെൻഷനോടൊപ്പം 7% (ഏഴ്) ക്ഷാമബത്ത നൽകി വരുന്നു.

(ഇ) ബാധകമല്ല.

**മാറാട് പ്രദേശത്ത് സമാധാനം പുനഃസ്ഥാപിക്കാനുള്ള നടപടികൾ**

7. (2958) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. പി. ജയരാജൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി മാറാട് പ്രദേശത്ത് സമാധാനം പുനഃസ്ഥാപിക്കുവാനും വീടൊഴിഞ്ഞുപോയ കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇതിനു തടസ്സമായി നിൽക്കുന്ന കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) മാറാട് പ്രദേശത്ത് സമാധാനം പുനഃസ്ഥാപിക്കുവാൻ നിയോഗിച്ച മന്ത്രിസഭാ ഉപസമിതിയുടെ ചുമതലകൾ എന്തൊക്കെയാണ് ; പ്രസ്തുത ചുമതല നിറവേറ്റാൻ ഉപസമിതിക്ക് കഴിഞ്ഞിട്ടുണ്ടോ ;

(ഡി) മന്ത്രിസഭാ ഉപസമിതി വിളിച്ചുകൂട്ടിയ യോഗത്തിൽ പങ്കെടുക്കാത്ത രാഷ്ട്രീയ പാർട്ടി പ്രതിനിധികളോ മറ്റു സംഘടനാപ്രതിനിധികളോ ഉണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) സർക്കാർ മുൻകൈയെടുത്ത് പുനരധിവസിപ്പിച്ച കുടുംബങ്ങളെ തിരിച്ചയച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മാറാട് പ്രദേശത്ത് ഇപ്പോൾ സമാധാനാന്തരീക്ഷം നിലനിൽക്കുന്നു. ഒഴിഞ്ഞുപോയ കുടുംബങ്ങളെ പുനരധിവസിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മാറാട് സാമുദായിക കലാപത്തെ തുടർന്നുള്ള സമാധാനശ്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനാണ് മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചത്.

(ഡി) ഉണ്ട്. ബി.ജെ.പി., വി.എച്ച്.പി., ആർ.എസ്.എസ്., മാറാട് അരയ സമാജം എന്നിവർ പങ്കെടുത്തിട്ടില്ല.

(ഇ) ഇല്ല. അവർ സ്വമേധയാ തിരിച്ചു പോയിട്ടുള്ളതാണ്.

## മാറാട് പുനരധിവാസം

**8 (2959)** ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് പുനരധിവാസത്തിനായി കൊണ്ടുവന്ന കുടുംബങ്ങളെ തിരിച്ചയച്ചതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ ;

(ബി) സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ (കുറ്റകരമായ) വീഴ്ചയ്ക്ക് ഉത്തരവാദികളായവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മാറാട് പുനരധിവാസത്തിനായി വന്ന കുടുംബങ്ങളെ പോലീസ് തിരിച്ചയച്ചിട്ടില്ല. അവർ സ്വമേധയാ തിരിച്ചുപോയിട്ടുള്ളതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

## റോഡ് സുരക്ഷാ ഫണ്ട് വിനിയോഗം

**9 (2960)** ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് സുരക്ഷാ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) റോഡ് സുരക്ഷാ ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തിനായി പോലീസിൽ ട്രാഫിക് ബ്രാഞ്ച് വിഭാഗം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) റോഡ് സുരക്ഷാ ഫണ്ട് ഇതുവരെ നിലവിൽ വന്നിട്ടില്ല. സംസ്ഥാനത്ത് ഒരു റോഡ് സുരക്ഷാ അതോറിറ്റിയും അതിന്റെ ഭാഗമായുള്ള റോഡ് സുരക്ഷാ ഫണ്ടും രൂപീകരിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly